



പ്രേക്ഷിതൻ

അർജുൻ. പി. എൽ
ഇന്ദിരാലയം, കൊടകര
P.O. കൊടകര, Pin 680684
തൃശ്ശൂർ ജില്ല

സ്വീകർത്താവ്

1009/18

പബ്ലിക് ഇൻഫർമേഷൻ ഓഫീസർ.

ജില്ല സാമൂഹിക നീതിവകുപ്പ്
കാര്യാലയം
തൃശ്ശൂർ 680 020

സാർ,

വിഷയം:- വിവരാവകാശനിയമം 2005 പ്രകാരം വിവരങ്ങൾ നൽകുന്നത് സംബന്ധിച്ച്.

സൂചന :- വിവരാവകാശപ്രകാരമുള്ള അപേക്ഷ.

1. ജില്ലയിലെ ടി വകുപ്പിന്റെ അനുബന്ധ ഓഫീസുകൾ എവിടെയെല്ലാം?
2. ടി വകുപ്പിലും മറ്റു അനുബന്ധ ഓഫീസുകളിലും എത്ര ഡ്രൈവർ (LDV) തസ്തിക ഉണ്ട്?
3. ജില്ലയിലെ ടി ഓഫീസിലും അനുബന്ധ ഓഫീസുകളിലുമായി എത്ര ലൈറ്റ് മോട്ടോർ (LDV) വാഹനങ്ങൾ ഉണ്ട്?
4. ഈ വാഹനങ്ങൾ എല്ലാം ഡ്രൈവ് ചെയ്യുന്നത് പി.എസ്.സി അംഗീകരിച്ച സ്ഥിരം ഡ്രൈവർമാരാണോ?
5. ടി ഓഫീസിലും അനുബന്ധ ഓഫീസുകളിലുമായി എത്ര സ്ഥിരം ഡ്രൈവർമാർ ജോലി ചെയ്തുവരുന്നു?
6. ടി ഓഫീസിലും അനുബന്ധ ഓഫീസുകളിലുമായി എത്ര താത്കാലിക ഡ്രൈവർമാർ ജോലി ചെയ്തുവരുന്നു? എന്ന് മുതൽ?
7. ഈ ഒഴിവുകൾ യഥാസമയം പി.എസ്.സി യിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ?
8. ഒഴിവുകൾ റിപ്പോർട്ടു ചെയ്യേണ്ട കടമ ടി വകുപ്പിലെ ഏതു ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമാണ്?
9. ടി ഓഫീസിലും അനുബന്ധ ഓഫീസിലും ഉള്ള താത്കാലിക ഡ്രൈവർമാരുടെ ദിവസവേതനം എത്ര?
10. ഇവർക്ക് ഗവൺമെൻറ് ഫണ്ടിൽ നിന്നാണോ ശമ്പളം നൽകി വരുന്നത്?

11. താത്കാലിക ഡ്രൈവർമാരുടെ ഇരുപത്തിയേഴു ദിവസത്തെ ശമ്പളം ടി.എ. (T.A) ഉൾപ്പടെ എത്രയാണ്?
12. വിവിധ വകുപ്പുകളിലേക്കുള്ള പി.എസ്.സി ലൈറ്റ് മോട്ടോർ വെഹിക്കിൾ ഡ്രൈവർ (LDV) റാങ്ക് ലിസ്റ്റ് 06-02-2018-ൽ നിലവിൽ വന്ന അവസരത്തിൽ ഉടൻതന്നെ ഈ ഒഴിവുകൾ പി.എസ്.സിക്കു റിപ്പോർട്ടു ചെയ്യുമോ?
13. ടി ഓഫീസിലോ അനുബന്ധ ഓഫീസുകളിലോ അവസാനമായി ലൈറ്റ് മോട്ടോർ വെഹിക്കിൾ ഡ്രൈവർ (LDV) തസ്തികയിലേക്ക് പി.എസ്.സി വഴി നിയമനം നടന്നത് എന്നാണ്?
14. ടി വകുപ്പിലും മറ്റു അനുബന്ധ ഓഫീസുകളിലും ~~2018~~ 2021 ഡിസംബർ 31-നു അകം വിരമിക്കുന്ന സ്ഥിരം ഡ്രൈവർമാർ എത്ര?
15. ടി വകുപ്പിലോ മറ്റു അനുബന്ധ ഓഫീസുകളിലോ പുതുതായി വാഹനമോ ഡ്രൈവർ തസ്തികയോ ആവശ്യപെട്ടിട്ടുണ്ടോ? ഉണ്ടെങ്കിൽ വിശദാംശങ്ങൾ.
16. ടി വകുപ്പിലോ മറ്റു അനുബന്ധ ഓഫീസുകളിലോ വാഹനം ഉണ്ടായിരിക്കുകയും ഡ്രൈവർ തസ്തിക നിലവിൽ ഇല്ലാതിരിക്കുകയും ചെയ്യുന്നുണ്ടോ? ഉണ്ടെങ്കിൽ വിശദാംശങ്ങൾ.
17. ടി വകുപ്പിലും അനുബന്ധ ഓഫീസുകളിലും ഡ്രൈവർ തസ്തിക സൃഷ്ടിക്കേണ്ട എത്ര ഒഴിവുകൾ നിലവിലുണ്ട്?
18. ടി വകുപ്പുകളിലേക്കു സ്ഥിരം ഡ്രൈവർ തസ്തിക സൃഷ്ടിക്കേണ്ടതിന്റെ ഉത്തരവാദിത്തം ആർക്കാണ്?
19. ടി വകുപ്പിലും മറ്റു അനുബന്ധ ഓഫീസുകളിലെയും ഡ്രൈവർമാരുടെ ഒഴിവുകൾ പി.എസ്.സി.യെ അറിയിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ വിശദാംശങ്ങൾ.
20. ടി ഓഫീസിലോ അനുബന്ധ ഓഫീസുകളിലോ ഉദ്യോഗസ്ഥ ഭരണ പരിഷ്കരണ വകുപ്പിന് കീഴിലുള്ള അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് പരിശോധന നടത്തിയിട്ടുണ്ടോ? ഉണ്ടെങ്കിൽ എന്ന്?
21. ഡ്രൈവർ തസ്തിക PSC ക്ക് റിപ്പോർട്ട് ചെയ്ത വർഷം മാസം ദിവസവും?

തൃശ്ശൂർ

26/12/2018

എന്ന്

വിശ്വസ്തതയോടെ

അർജ്ജുൻ. കെ. എൽ

[signature]